# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 902 — 11/06/2014 - ൽ മറുപടിക്ക്

## പാരിപ്പള്ളി മെഡിക്കൽ കോളേജിലെ ക്ലാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| എ) പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ അദ്ധ്യയനവർഷം മെഡിക്കൽ ക്ലാസുകൾ ആരംഭിക്കുമോ ; എങ്കിൽ അഡ്മിഷന്റെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ക്ലാസുകൾ വൈകുന്നതിനുള്ളകാരണം വിശദമാക്കുമോ; | എ) മെഡിക്കൽ കൗൺസിൽ ഇൻസ്പെക്ഷൻ പ്രതിനിധികൾ 26/05/2014, 27/05/2014 തീയതികളിൽ പരിശോധന നടത്തിയിരുന്നു. മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭിച്ച കഴിഞ്ഞാൽ മാത്രമേ അഡ്മിഷൻ, ഫീസ് ഘടന എന്നിവ സംബന്ധിച്ച വിശാംശങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ പ്രസിദ്ധീകരിക്കുകയുള്ളൂ. |
| ബി) പാരിപ്പള്ളിയിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനുള്ള മെഡിക്കൽ കൗൺസിൽ റിപ്പോർട്ട് ലഭിച്ചിട്ടു ണ്ടോ; ലഭിച്ചെങ്കിൽ എന്ന് ലഭിച്ചവെന്ന് വ്യക്തമാക്കമോ ; | ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| സി) മെഡിക്കൽ കൗൺസിൽ പ്രതിനിധികൾ എന്നാണ് മെഡിക്കൽ കോളേജ് സന്ദർശിച്ചതെന്ന് വ്യക്തമാക്കുമോ ; | സി) 26/05/2014, 27/05/2014 എന്നീ തീയതികളിൽ |
| ഡി) മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭിക്കാതെ മെഡിക്കൽ കോളേജിന്റെ ഉത്ഘാടനം നിർവഹിച്ചതായി അറിയുമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | ഡി) മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം ഇതുവരെ നടന്നിട്ടില്ല. ഇതിനോടനുബന്ധിച്ചുള്ള 300 കിടക്കകളുള്ള ആശുപത്രിയുടെ ഉദ്ഘാടനം 21/12/2013ൽ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ